# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. **3958**

**20.07.2015**-ൽ
മറുപടിക്ക്

## ഭൂമി രജിസ്ട്രേഷനിലുണ്ടായ കുറവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ. വി. വിജയദാസ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മുൻവർഷത്തെ അപേക്ഷിച്ച്, 2014-ൽ സംസ്ഥാനത്ത് ഭൂമി രജിസ്ട്രേഷൻ കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ എത്ര കുറവ് ഉണ്ടായതായാണ് കണ്ടെത്തിയിട്ടുള്ളത് ; | (ബി) 2013-2014 സാമ്പത്തിക വർഷം 1179064 ആധാരങ്ങൾ രജിസ്റ്റർ ചെയ്തു. 2014-15 സാമ്പത്തിക വർഷം 1053918 ആധാരങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്തിരുന്നുള്ളൂ. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 1,25,146 ആധാരങ്ങൾ കുറവാണ്. |
| (സി) അതിനിടയാക്കിയ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (സി) ഇക്കാര്യം സർക്കാർ പ്രത്യേകമായി പരിശോധിച്ചിട്ടില്ല. |
| (ഡി) അമിതഫീസും അപ്രായോഗിക നിർദ്ദേശങ്ങളും ഇതിന് കാരണമായതായി കരുതുന്നുണ്ടോ ; | (ഡി) ഇല്ല. |
| (ഇ) മുക്ത്യാർ നൽകുന്നതിനുള്ള നിബന്ധനകൾ പുതുക്കിയിട്ടുണ്ടോ ; | (ഇ) പുതുക്കിയിട്ടുണ്ട്.<br><br>13.9.13 ലെ 20137/Leg.A2/2009/Law നമ്പർ വിജ്ഞാപനത്തിലൂടെ രജിസ്ട്രേഷൻ (കേരള ഭേദഗതി) ആക്റ്റ്, 2012 (2013-ലെ 31-ാം നമ്പർ ആക്റ്റ്) നിലവിൽ വന്നിട്ടുള്ളതാണ്. അതിൻ പ്രകാരം, 1908-ലെ രജിസ്ട്രേഷൻ ആക്റ്റ് വകുപ്പ് 17-ൽ വരുത്തിയ ഭേദഗതിഅനുസരിച്ച്, കുടുംബത്തിന്റെ നിർവചനത്തിൽ വരാത്തയാളുകൾ തമ്മിലുള്ള മുക്ത്യാറുകൾ നിർബന്ധമായും |

രജിസ്റ്റർ ചെയ്യപ്പെടേണ്ട കരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(എഫ്) വസ്തുക്കളുടെ ബാദ്ധ്യതാ (എ വിവരണത്തിനുള്ള സർട്ടിഫിക്കറ്റ് ഫ്) ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ടോ ?

വർദ്ധിപ്പിച്ചിട്ടുണ്ട്.
27.04.2013 ലെ G.O.(P) 88/2013/TD നമ്പർ വിജ്ഞാപനപ്രകാരം രജിസ്ട്രേഷൻ ഫീസ് പട്ടിക പ്രകാരമുള്ള വിവിധ സേവന നിരക്കുകളിൽ വർദ്ധനവ് വരുത്തിയിരുന്നു. അതിൻപ്രകാരം ബാദ്ധ്യതാ സർട്ടിഫിക്കറ്റിനുള്ള ഫീസ് നിരക്ക് താഴെപ്പറയും പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട് :

ആദ്യ 5 വർഷത്തിന് - 100 രൂപ

5 വർഷത്തിനു ശേഷം 30 വർഷം വരെ - 250 രൂപ

30 വർഷത്തിനു ശേഷമുള്ള ഓരോ വർഷത്തിനും - 25 രൂപ

അപേക്ഷാ ഫീസ് - 10 രൂപ

സെക്ഷൻ ഓഫീസർ